# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1277. | 12.03.2015 -ൽ മറുപടിയ്ക്ക്

## സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ ക്ലബ്ബുകൾ

ചോദ്യം

ശ്രീ. വർക്കല കഹാർ
ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. ഹൈബി ഈഡൻ.
ശ്രീ. സി.പി. മുഹമ്മദ്.

ഉത്തരം

ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത 100 സ്കൂളുകളിൽ സ്കൂൾ കൺസ്യൂമർ ക്ലബുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | എന്തെല്ലാം ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളാണ് പ്രസ്തുത ക്ലബ്ബുകൾ വഴി നടത്തി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഉപഭോക്തൃ സംരക്ഷണ നിയമങ്ങളെ കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുക, അടിസ്ഥാനാവശ്യങ്ങളായ കുടിവെള്ളം, ശുചിത്വം, പൊതുഗതാഗതം എന്നിവയെക്കുറിച്ചുള്ള പ്രാദേശികപരാതികൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുക, ദേശീയ/ലോക ഉപഭോക്തൃ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമാക്കിയുള്ള സംവാദം, പെയിന്റിംഗ്/ക്വിസ്സ് മൽസരങ്ങൾ എന്നിവ സംഘടിപ്പിക്കുക എന്നീ ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (സി) | വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വില നിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വിലനിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും കഴിയുന്ന തരത്തിലുള്ള മാർക്കറ്റ് സർവ്വേ, വ്യാജ ഉൽപ്പന്നങ്ങളും വ്യാജ പരസ്യങ്ങളും തിരിച്ചറിയുവാനും, ഭക്ഷ്യ പദാർത്ഥങ്ങളിലെ മായം ചേർക്കൽ, മലിനീകരണം മുതലായവ തിരിച്ചറിയുവാനും സഹായിക്കുന്ന പരിശീലന |

| | | | |
|---|---|---|---|
| | | | പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകളുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം ധനസഹായമാണ് നല്കി വരുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഓരോ കൺസ്യൂമർ ക്ലബിനും 10,000/- രൂപ വീതം സംസ്ഥാനത്തെ 100 ക്ലബ്ബുകൾക്കായി 10,00,000/- രൂപ കേന്ദ്രധനസഹായമായി ലഭിക്കുകയും ആയത് കൺസ്യൂമർ ക്ലബ്ബുകളുടെ പ്രവർത്തനത്തിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.